**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 152** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിൽ കൈവരിച്ച നേട്ടങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഒ. എസ്. അംബിക
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി
ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** 2016 മുതൽ 2026 വരെയുള്ള കാലയളവിൽ വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിൽ കൈവരിച്ച പ്രധാന നേട്ടങ്ങൾ എന്തൊക്കെയാണെന്നും പത്ത് വർഷത്തിനുള്ളിൽ കടലിൽ എത്ര മീറ്റർ പുലിമുട്ട് നിർമ്മാണം പൂർത്തിയാക്കിയെന്നും വിശദമാക്കാമോ;

**<u>മറുപടി:</u>** 2015 ഓഗസ്റ്റ് 17 ന് ആണ് സംസ്ഥാന സർക്കാരും, അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡും (AVPPL) തമ്മിൽ തുറമുഖ നിർമ്മാണത്തിനും നടത്തിപ്പിനുമായി കൺസെഷൻ കരാറിൽ ഏർപ്പെട്ടത്. തുടർന്ന് 2015 ഡിസംബർ 5ന് തുറമുഖത്തിന്റെ ഒന്നാംഘട്ടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയുണ്ടായി. കൺസെഷൻ കരാർ പ്രകാരം ഒന്നാംഘട്ടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടി യിരുന്നത് 2019 ഡിസംബർ 3 ന് ആയിരുന്നു. എന്നാൽ പദ്ധതി നിർദ്ദിഷ്ട കാലയളവിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയാതെ വന്നു. തുടർന്ന് സർക്കാരും അദാനി കമ്പനിയും തമ്മിൽ ഏർപ്പെട്ട സപ്ലിമെന്ററി കൺസഷൻ കരാർ പ്രകാരം തുറമുഖത്തിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് 2024 ഡിസംബർ 3ന് വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിച്ചു. 2960 മീറ്റർ നീളത്തിലുള്ള പുലിമുട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

**(ബി)** പദ്ധതി വേഗത്തിലാക്കുന്നതിനായി 2016-2026 കാലയളവിൽ സംസ്ഥാന സർക്കാർ വകയിരുത്തിയ ഫണ്ടിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; ഇതിൽ വി.ജി.എഫ് (വയബിലിറ്റി ഗ്യാപ് ഫണ്ട്) ഇനത്തിൽ നല്കിയ തുക സംബന്ധിച്ച് വ്യക്തമാക്കാമോ;

**<u>മറുപടി:</u> 2016-2026** കാലയളവിൽ സംസ്ഥാന സർക്കാർ വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി ചിലവാക്കിയിട്ടുള്ളത് **3085.52**കോടി രൂപയാണ് **(2016 - 2021: Rs.570.15** കോടി**, 2021 - 2026: Rs.2515.37** കോടി**).** ടി കാലയളവിൽ സംസ്ഥാന സർക്കാർ വകയിരുത്തിയ ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു**.**

| **ക്രമ നം.** | **പ്രവർത്തനങ്ങൾ** | **വകയിരുത്തിയ തുക (കോടി രൂപ)** |
|---|---|---|
| **1.** | ഭൂമി ഏറ്റെടുക്കൽ | **511.98** |
| **2.** | ജീവനോപാധി നഷ്ടപരിഹാരവും, സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളും | **112.92** |

| | | |
|---|---|---|
| **3.** | റെയിൽ പദ്ധതി | **367.88** |
| **4.** | തുറമുഖ നിർമ്മാണ പ്രവർത്തനങ്ങൾ | **1858.07** |
| **5.** | Project financing Charges, administration, consultancy etc. | **234.67** |
| ആകെ | | **3085.52** |

തുറമുഖ നിർമ്മാണത്തിന് ഗ്രാന്റായി അദാനി കമ്പനിയ്ക്ക് നൽകേണ്ട **1635** കോടി രൂപയിൽ **817.80** കോടി രൂപയാണ് കേന്ദ്ര സർക്കാരിന്റെ **(Department of Economic Affairs, Ministry of Finance)** വയബിലിറ്റി ഗ്യാപ് സ്കീമിൽ**,** വയബിലിറ്റി ഗ്യാപ് ഫണ്ടായി പദ്ധതിയ്ക്ക് അനുവദിച്ചിട്ടുള്ളത്**.** പദ്ധതിയ്ക്കായി ഒപ്പിട്ട ത്രികക്ഷി കരാറിന്റെയും **(Tri-Partite Agreement),** പ്രീമിയം ഷെയറിംഗ് എഗ്രിമെന്റിന്റെയും അടിസ്ഥാനത്തിൽ അദാനി കമ്പനിയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ടായി **817.80** കോടി രൂപ പൂർണമായും ലഭ്യമാക്കിയിട്ടുണ്ട്**.**

**(സി)** ഈ കാലയളവിൽ പ്രസ്തുത തുറമുഖ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനും ഉപജീവനത്തിനുമായി പ്രഖ്യാപിച്ച പാക്കേജ് വഴി വിതരണം ചെയ്ത ധനസഹായത്തിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

**<u>മറുപടി:</u>** വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി 475 കോടി രൂപയുടെ സമഗ്ര പുനരധിവാസ പാക്കേജിന് 2015ൽ ഉമ്മൻ ചാണ്ടി സർക്കാർ അംഗീകാരം നൽകിയിരുന്നു. പദ്ധതി പ്രദേശത്ത് ഭാവിയിൽ തീരശോഷണം മൂലം വീട് നഷ്ടപ്പെടാൻ സാദ്ധ്യതയുള്ളവരുടെ പുനരധിവാസം കൂടി ഉറപ്പാക്കുന്നതായിരുന്നു പ്രസ്തുത പാക്കേജ്. തുറമുഖ നിർമ്മാണം മൂലം ജീവനോപാധി നഷ്ടപ്പെടുന്ന പ്രദേശവാസികളുടെ പരാതികൾ പരിഹരിക്കുന്നതിനും ജീവനോപാധി നഷ്ടപരിഹാരം നൽകുന്നതിനുമായി റവന്യൂ ഡിവിഷണൽ ഓഫീസർ, തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ Livelihood Impact Appraisal Committee (LIAC) യേയും ഇതിന്മേലുയരുന്ന അപ്പീലുകൾ പരിഗണിച്ച് പരിശോധിക്കുന്നതിന് ജില്ലാ കളക്ടർ, തിരുവനന്തപുരം ചെയർമാനായ അഞ്ചംഗ LIAC അപ്പീൽ കമ്മറ്റിയേയും സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിവിധ വിഭാഗങ്ങളിലായി നാളിതുവരെ 114.54 കോടി രൂപ ജീവനോപാധി നഷ്ടപരിഹാര ഇനത്തിൽ സർക്കാർ വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 2016-2026 കാലയളവിൽ 106.54 കോടി രൂപയാണ് ജീവനോപാധി നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുള്ളത്. നാളിതുവരെ വിതരണം ചെയ്ത നഷ്ടപരിഹാരം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നം.** | **വിഭാഗം** | **ഗുണഭോക്താക്കളുടെ എണ്ണം** | **നഷ്ടപരിഹാരത്തുക (കോടി രൂപയിൽ)** |
|---|---|---|---|
| 1 | ചിപ്പി/ ലോബ്സ്റ്റർ തൊഴിലാളികൾ | 296 | 13.03 |
| 2 | കരമടി ഉടമസ്ഥർ/ തൊഴിലാളികൾ | 1098 | 59.19 |
| 3 | കരമടി അനുബന്ധ സ്ത്രീ ചുമട്ടു തൊഴിലാളികൾ | 15 | 0.15 |

| | | | |
|---|---|---|---|
| 4 | കട്ടമരം ഉടമസ്ഥർ | 99 | 4.07 |
| 5 | മണ്ണെണ്ണ ആനുകൂല്യം | 1221 | 31.57 |
| 6 | റിസോർട്ട് തൊഴിലാളികൾ | 226 | 6.45 |
| 7 | സ്വയം സഹായ സംഘങ്ങൾ (4) | 33 | 0.08 |
| **ആകെ** | | **2988** | **114.54** |

**സെക്ഷൻ ഓഫീസർ**